Page 1 of 2

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് 100 ദിന കർമ്മപദ്ധതിയുടെ ഭാഗമായി ലൈഫ് പദ്ധതിയിൽ പതിനായിരം വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമായിട്ടുണ്ട്. 12,067 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്താരംഭിച്ച ലൈഫ് പദ്ധതിയിൽ ഇതുവരെ എത്ര വീടുകൾ നിർമ്മിച്ചെന്ന കണക്ക് ലഭ്യമാണെങ്കിൽ അറിയിക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്താരംഭിച്ച ലൈഫ് പദ്ധതിയിൽ നാളിതുവരെ 2,75,314 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിച്ച വീടുകളുടെ വിവരം അനുബന്ധം (1) ആയി ചേർക്കുന്നു*.

(സി) ഈ സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എത്ര വീടുകൾ നിർമ്മിക്കാനാണ് ലക്ഷ്യമിടുന്നത്?

ഈ സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 5 ലക്ഷം വീടുകൾ നിർമ്മിക്കാനാണ് ലക്ഷ്യമിടുന്നത്.

(ഡി) രണ്ടാംഘട്ടം ലൈഫ് പദ്ധതിയിലേയ്ക്ക് എത്ര അപേക്ഷകൾ ലഭിച്ചെന്നതിന്റെ കണക്ക് ലഭ്യമാണോ; ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിനുവേണ്ട മാർഗ്ഗരേഖ തയ്യാറായിട്ടുണ്ടോ?

രണ്ടാംഘട്ടം ലൈഫ് പദ്ധതിയിലേയ്ക്ക് 9,20,261 അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ആയത് അനുബന്ധം (2)ആയി ചേർക്കുന്നു*. ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു.

(ഇ) അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ച് പദ്ധതി ദുർബലപ്പെടുത്താൻ ചില രാഷ്ട്രീയകക്ഷികൾ നടത്തുന്നതായി പറയപ്പെടുന്ന നീക്കത്തെ അതിജീവിക്കാനായിട്ടുണ്ടോ?

അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ലൈഫ് ഭവന പദ്ധതിയുടെ പുരോഗതിയെ ബാധിച്ചിട്ടില്ല.

സാമൂഹ്യ മാധ്യമങ്ങൾ വഴിയുള്ള വ്യാജ പ്രചരണം തടയാൻ നടപടി

14 (*12) ശ്രീ. എം. വിൻസെന്റ്:
ശ്രീ. സണ്ണി ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ മാധ്യമങ്ങളിലൂടെയും മറ്റു മാർഗ്ഗങ്ങളിലൂടെയും വിവിധ വിഭാഗങ്ങൾക്കിടയിൽ സ്പർദ്ധ വളർത്തുന്ന പ്രവൃത്തികൾ കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവമായി കാണുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരം പ്രവൃത്തികൾ തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് സാമൂഹ്യ മാധ്യമങ്ങളിലൂടെയും മറ്റ മാർഗ്ഗങ്ങളിലൂടെയും വിവിധ വിഭാഗങ്ങൾക്കിടയിൽ സ്പർദ്ധ വളർത്തുന്ന പ്രവൃത്തികൾ കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സാമൂഹ്യമാധ്യമങ്ങളിൽ ഇത്തരത്തിൽ വരുന്ന പോസ്റ്റുകൾ പോലീസിന്റെ വിവിധ സൈബർ വിഭാഗങ്ങൾ, ജില്ലാ സൈബർ സെല്ലുകൾ, സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ, സൈബർ ഡോമുകൾ, സോഷ്യൽ മീഡിയ സെൽ, ഹൈ-ടെക് സെൽ എന്നിവ വഴി സൈബർ പട്രോളിംഗ് നടത്തുകയും നിയമ വിരുദ്ധമായ പോസ്റ്റുകൾക്കും വീഡിയോകൾക്കും ശബ്ദ സന്ദേശങ്ങൾക്കുമെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വ്യാജവാർത്തകൾ നൽകി വർഗ്ഗീയകലാപം സൃഷ്ടിക്കാൻ ചില ഓൺലൈൻ പോർട്ടലുകൾ ശ്രമിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള ഓൺലൈൻ പോർട്ടലുകൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോയെന്ന് അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിനായി സൈബർ സെല്ലുകളും സൈബർ ഡോമുകളും പോലീസിന്റെ രഹസ്യാന്വേഷണ വിഭാഗവും പ്രത്യേകം നിരീക്ഷണവും നടത്തിവരുന്നുണ്ട്. ഓൺലൈൻ പോർട്ടലുകൾ മുഖേന വ്യാജ വാർത്തകൾ നൽകി വർഗ്ഗീയ കലാപം സൃഷ്ടിക്കാൻ ശ്രമിച്ച സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുമുണ്ട്.

ക്യാമ്പസുകളിലെ വിധ്വംസക പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ നടപടി

15(*13) ശ്രീ. നജീബ് കാന്തപുരം:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള ക്യാമ്പസുകളെ കേന്ദ്രീകരിച്ച് വിദ്യാസമ്പന്നരായ യുവതികളെ വർഗ്ഗീയതയിലേയ്ക്കും തീവ്രവാദ സ്വഭാവങ്ങളിലേയ്ക്കും ആകർഷിക്കുന്നതിന് ബോധപൂർവമായ ശ്രമങ്ങൾ നടക്കുന്നുവെന്ന പ്രചരണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;